"ഭരണഭാഷ - മാതൃഭാഷ"

DCETVM/8637/2026-J4

കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയം
വികാസ് ഭവൻ, തിരുവനന്തപുരം
dir.colledn@kerala.gov.in
0471-2303107

തീയതി:23-10-2026

# മേലെഴുത്ത്

06.10.2026 തീയതിയിലെ 3627308/SRACT1/85/2026-FIN നമ്പർ സർക്കാർ ഉത്തരവ് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു. ടി ഉത്തരവ് കർശനമായി പാലക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഡി.ഡി.ഒമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ പ്രവൃത്തി ഗുരുതരമായ കൃത്യവിലോപമായികണ്ട് കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

Digitally signed by
SUDHEER M S
Date: 23-10-2026
12:00:14

സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

പകർപ്പ്:- 1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ ഡി.ഡി.ഒ മാർക്കു

2. ജെ 1 സീറ്റ്,

3. സിസ്റ്റം മനേജർ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

C

**'ഭരണഭാഷ- മാതൃഭാഷ'**

**കേരളം സർക്കാർ**

നം.3627308/SRACT1/85/2026-FIN

ധനകാര്യ(എൻ.പി.എസ്.സെൽ) വകുപ്പ്
06-10-2026, തിരുവനന്തപുരം

14/10/26

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

**കോളീജിയറ്റ് വിദ്യാഭ്യാസ ഡയറക്ടർ**
**കോളേജിയറ്റ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
6-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695033

സർ,

വിഷയം: ദേശീയ പെൻഷൻ പദ്ധതി - എൻ.പി.എസ് (NPS)/പ്രാൻ (PRAN) രജിസ്ട്രേഷൻ -കർശന നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന : 1. 07/01/2013 തീയതിയിലെ സ.ഉ.(കൈ) നം. 20/2013/ധന.
2. 19/12/2013 തീയതിയിലെ സ.ഉ.(കൈ) നം. 622/2013/ധന.

01/04/2013 നോ അതിനുശേഷമോ സർക്കാർ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ദേശീയ പെൻഷൻ പദ്ധതി ബാധകമായ ജീവനക്കാരുടെ എൻ.പി.എസ് രജിസ്ട്രേഷൻ നടപടികൾ, അവർ സർവീസിൽ പ്രവേശിച്ച് 30 ദിവസത്തിനകം പൂർത്തീകരിക്കേണ്ടത് അതാത് ഡി.ഡി.ഒ മാരുടെ ചുമതലയാണെന്ന് സൂചന (2) പ്രകാരമുള്ള ഉത്തരവിലും നിഷ്കർഷിച്ചിരുന്നു. എന്നാൽ, ജീവനക്കാരുടെ എൻ.പി.എസ് രജിസ്ട്രേഷൻ നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാട്ടി വൈകിപ്പിക്കുന്ന രീതി ഡി.ഡി.ഒമാർ ഇപ്പോഴും തുടർന്നു വരുന്നുണ്ട്. എയ്ഡഡ് തസ്തികയിൽ നിയമനത്തിന് അംഗീകാരം നൽകുമ്പോൾ തന്നെ പ്രാൻ രജിസ്ട്രേഷൻ എടുക്കുന്നതിന് ഡി.ഡി.ഒമാർക്ക് നിർദ്ദേശം നൽകാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ, ബന്ധപ്പെട്ട ഡി.ഡി.ഒമാർ ജീവനക്കാരുടെ മുൻകാല ശമ്പളം മാറിനൽകുമ്പോൾ പ്രാൻ രജിസ്ട്രേഷൻ ഉറപ്പാക്കുകയും, കുടിശ്ശിക ശമ്പളത്തിൽ നിന്നും പ്രതിമാസ എൻ.പി.എസ് വിഹിതം ഈടാക്കി പ്രാൻ അക്കൗണ്ടിൽ അടവാക്കേണ്ടതുമാണ്. സർക്കാർ മേഖലയിലെ അധ്യാപകരുടെ കാര്യത്തിലും മേൽപ്പടി നടപടികൾ കർശനമായി പാലിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഡി.ഡി.ഒമാർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കുമെതിരെ, പ്രസ്തുത പ്രവൃത്തി ഗുരുതരമായ കൃത്യവിലോപമായിക്കണ്ട് കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ
ANIL KUMAR R
UNDER SECRETARY
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

അക്കൗണ്ട്സ് ഓഫീസർ



File No. DCETVM/8637/2026-J5 (Computer No. 385357)
Generated from eOffice by Divya G, J4 DCE-, J4 DCE, COLLEGIATE EDUCATION DIRECTORATE on 22/10/2026 11:04 AM